# Weekly Devotions of February 2015

## Week- 1




## സന്തുഷ്ടഹൃദയം(ലൂക്കോ:6:45)

പ്രസിദ്ധകവി വില്യം ബ്ലെയ്ക്കിനെപ്പറ്റി ഇങ്ങനെ ഒരു കഥയു ്. ഒരു പ്രഭാതത്തിൽ കടലിനുമീതെ ഉദിച്ചുയരുന്ന സൂര്യൻ തന്റെ പൊൻകിരണങ്ങളുടെ പ്രഭ കിഴക്കേ ചക്രവാളത്തിൽ വീശിയത് ആസ്വദിച്ച് നില്ക്കുന്ന ബ്ലെയ്ക്ക് കൂടെ നിൽക്കുന്ന സുഹൃത്തിനോട് ചോദിച്ചു ‘ താങ്കൾ എന്ത് കാണുന്നു’ ? അയാൾ ഇങ്ങനെ പറഞ്ഞു ‘ഞാൻ സൂര്യനെ ഒരു സ്വർണ്ണ നാണയം പോലെ കാണുന്നു’. തിരിച്ച് സുഹൃത്ത് തിരക്കി ‘ താങ്കൾ എന്ത് കാണുന്നു’? ബ്ലെയ്ക്കിന്റെ മറുപടി ‘ഞാൻ ദൈവത്തിന്റെ മഹത്വം കാണുന്നു’. സ്വർഗ്ഗീയദൂതഗണങ്ങൾ പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ദൈവത്തെ സ്തുതിക്കുന്നത് കേൾക്കുന്നു.

സൃഷ്ടികർത്താവിന്റെ സൃഷ്ടികളുടെ മനോഹാരിത കാണുവാൻ കഴിയണമെങ്കിൽ സൃഷ്ടാവ് നിന്റെ ഹൃദയത്തിലു ായിരിക്കണം.അവനെ സ്നേഹിച്ച് , അവൻ ചെയ്ത നന്മകൾ ഹൃദയത്തിൽ നിധിപോലെ സൂക്ഷിച്ച് നന്ദി പറയുവാൻ മനസ്സു ാകണം.അങ്ങനെയുള്ളവർ ആകാ

ശത്തെ നോക്കിപ്പറയും "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു". (സങ്കീ:19:1) അതായത് "ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്" (ലൂക്കോ:6:45). നല്ല കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കുവാൻ ലുദിയയുടെ ഹൃദയം കർത്താവു തുറന്നതുപോലെ നമ്മുടെ ഹൃദയവും തുറക്കണം. (അ:പ്ര16:14).ഒരു തുറന്നഹൃദയം ദൈവകരങ്ങളിൽ താണിരിക്കുന്നു. ഇതിനെല്ലാം നിദാനം ദൈവഭക്തിയാണ്. ഇപ്രകാരമുള്ള പരമാർത്ഥഹൃദയർ തങ്ങളുടെ ഉള്ളിൽ ദൈവവചനം സ്വീകരിക്കുന്നു. പാപത്തെക്കുറിച്ചുള്ള കുറ്റബോധം ഉ  ാകുന്നത് വചനം ഉള്ളിൽ ചെന്ന വ്യക്തി ദൈവത്തെ കാണുമ്പോഴാണ്. ഹൃദയത്തിൽ ദൈവത്തെ സ്വീകരിച്ചവന് ഇയ്യോബ് പറഞ്ഞതുപോലെ "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു" (Job 42:56) എന്ന് പറയുവാനും അങ്ങനെ ദൈവത്തോട് അടുക്കുവാനും കഴിയുന്നു.

പ്രിയ സഹോദരങ്ങളെ !ദൈവം നടത്തിയ വഴികൾ, ദൈവം ചെയ്ത നന്മകൾ, ദൈവം തന്ന ആരോഗ്യം ഇവയൊന്നും നമ്മുടെ വിദ്യാഭ്യാസമോ, കുടുംബമഹിമയോ മൂലം ലഭിച്ചതല്ല.അവന്റെ ദാനമാണ്, ആകുലചിന്ത ഹൃദയത്തിൽ വന്നാൽ അതു നിരാശയുടെ വാക്കുകളായി പുറത്തുവരും. ധനത്തെപ്പറ്റിയുള്ള ചിന്ത ഹൃദയത്തിൽ നിറയുന്നവൻ ധനസമ്പാദനമാർഗ്ഗത്തെപ്പറ്റി (ലക്ഷം, കോടി ഈ വാക്കുകൾ) മാത്രമേ സംസാരിക്കുകയുള്ളൂ. മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കാത്തവരുടെ ഹൃദയം അസൂയ,പക, ഞാനെന്നഭാവം, മറ്റുള്ളവരെ തകർക്കുവാനുള്ള തന്ത്രങ്ങൾ ഇവയാൽ നിറയുകയും, ദൈവത്തെ വേദനിപ്പിക്കുന്ന വാക്കുകൾ പറയുക മാത്രമല്ല പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ പുതുവർഷത്തിലെ പുതിയമാസത്തിൽ ഓരോ ഹൃദയവും ദൈവസ്തുതിയാൽ നിറയട്ടെ.

## പ്രാർത്ഥന

സർവ്വഹൃദയങ്ങളേയും പരിശോധിക്കുന്ന യഹോവേ , എന്റെ ഹൃദയം ശുദ്ധ വചനത്താൽ കവിഞ്ഞ് എന്റെ അധരങ്ങൾ നിന്റെ സ്തുതിയെ ഘോഷിക്കുന്നതാകുവാൻ ഇടയാക്കേണമേ. അപ്രകാരം ഹൃദയശുദ്ധിയുള്ള ഭാഗ്യവാന്റെ അവസ്ഥയിലെത്തുവാൻ സഹായിക്കുന്നതിനായി സ്തോത്രം. - ആമേൻ



Sis. Shanthamma Varghese

## ശാന്തമ്മ വറുഗീസ്